**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. മുഹമ്മദ് ഷഫീക്കിനെ അന്വേഷണ വിധേയമായി സേവനത്തിൽനിന്ന് സസ്പെന്റ് ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം:388/17/തസ്വഭവ                    തീയതി, തിരുവനന്തപുരം, 10.02.2017

---

പരാമർശം : 1. ഓൺലൈൻ പരാതി പരിഹാര സംവിധാനമായ 'ഫോർ ദ പീപ്പിൾ' മുഖേന 02/02/2017 ൽ ശ്രീ. നിജേഷ് സി.കെ. സമർപ്പിച്ച പരാതി.

2. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 'ഫോർ ദ പീപ്പിൾ' മുഖേന ലഭിച്ച റിപ്പോർട്ട്

**ഉത്തരവ്**

വിവിധ കെട്ടിടങ്ങൾക്ക് അനധികൃതമായി പെർമിറ്റ് നൽകുകയും അധികാര ദുർവ്വിനിയോഗം നടത്തുകയും ചെയ്തുവെന്നാരോപിച്ച് 'ഫോർ ദ പീപ്പിൾ' വഴി പരാമർശം (1) പ്രകാരം ലഭിച്ച പരാതിയിന്മേൽ പരാമർശം (2) പ്രകാരം കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ഈ റിപ്പോർട്ടിൽ A2-399/16, A2 -6264/16, A2-5869/16, A2-5665/16 എന്നീ നമ്പറുകൾ പ്രകാരം കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയത് ചട്ടപ്രകാരമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗുരുതരമായ അധികാര ദുർവ്വിനിയോഗവും ചട്ടലംഘനവും നടത്തിയ നാദാപുരം പഞ്ചായത്ത് സെക്രട്ടറി ശ്രീ. മുഹമ്മദ് ഷഫീക്കിനെ അന്വേഷണ വിധേയമായി സേവനത്തിൽനിന്ന് അടിയന്തിരമായി സസ്പെന്റ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ടിയാന് ചട്ടപ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതുസംബന്ധിച്ച തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. മുഹമ്മദ് ഷഫീക്ക്, സെക്രട്ടറി, നാദാപുരം ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പകർപ്പ്**

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി (I)യുടെ പി.എ.യ്ക്ക്